## ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
## പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
## (ഹാജർ -കെ ബിജു ഐ എ എസ്)

നം.ഇ **LR/5382/2021/LR/N2_1** **01-04-2022**

വിഷയം : ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഓൺലൈൻ സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1). ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017 നം സ.ഉത്തരവ്

(2). ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018 നം സ.ഉത്തരവ്

(3). റവന്യൂ (സി) വകുപ്പിന്റെ 26/08/2020 ലെ 2723/20 നം സ.ഉത്തരവ്

(4). lrd.kerala.gov.in പോർട്ടലിൽ 14/06/2021 തീയതി വരെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ

(5). 01-04-2022 തീയതിയിൽ LR/5382/2021/LR/N2_1 നമ്പരായി പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടിക

(6). ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05/08/2021 തീയതിയിലെ ഒഎ (ഇ കെ എം) 1258/21 നമ്പർ ഇടക്കാല ഉത്തരവ്.

(7) 18.3.2022 തിയതിയിലെ സി3-187/2020/റവ നമ്പർ കത്ത്

(8) ..

ഓൺലൈൻ മുഖാന്തിരം സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1),(2),(3) എന്നിവ പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം സ്ഥലം മാറ്റത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരാമർശം (5) പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

ഫെയർ കോപ്പി സൂപ്രണ്ട് എന്നാൽ പരാമർശം (8) പ്രകാരമുള്ള ഉത്തരവുകളിൽ പ്രൊമോഷൻ നടത്തി ഓപ്പൺ വേക്കൻസിയിൽ നിയമിച്ചിട്ടുള്ളതായിരുന്നു. പ്രസ്തുത ഉത്തരവുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാകുമ്പോൾ പ്രസ്തുത ജീവനക്കാരുടെ സ്റ്റേഷനുകൾക്ക് മാറ്റമുണ്ടാകുമെന്ന നിബന്ധനയോടെയാണ് പ്രൊമോഷൻ അനുവദിച്ചത്. പരാമർശം (7) പ്രകാരം അടിയന്തിരമായി സ്ഥലം മാറ്റം നടത്തുന്നതിന് സർക്കാരിൽ നിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം വിവിധ സ്റ്റേഷനുകൾ തെരഞ്ഞെടുത്തിട്ടുള്ളതും അന്തിമ മുൻഗണനാ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളതുമായ ജീവനക്കാരെ, പരാമർശം (8) പ്രകാരം നിയമനം നൽകിയ സ്റ്റേഷനുകളിലെ വേക്കൻസികൾ ഓപ്പൺ വേക്കൻസികളായി പരിഗണിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള സ്റ്റേഷനുകളിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു. തഹസിൽദാർ/സീനിയർ സൂപ്രണ്ട് കേഡറിന്റെ സ്റ്റേഷൻ എന്നത് ജില്ല ആയതിനാൽ പ്രസ്തുത സ്റ്റേഷൻ ജില്ല എന്ന് വായിക്കേണ്ടതാണ്. അപേക്ഷ നൽകിയ സമയത്തെ സ്റ്റേഷൻ / ജില്ലയാണ് മുൻഗണനാ

Scanned with CamScanner

പട്ടികയിൽ ഉൾപ്പെടുത്തിയിതന്നെങ്കിലും ഇലക്ഷനവേണ്ടി സ്ഥലം മാറ്റിയതുൾപ്പെടെയുള്ള കാരണങ്ങളാൽ സ്റ്റേഷൻ / ജില്ല എന്നിവ വ്യത്യാസപ്പെട്ടിട്ടുണ്ടാകാം. ആയതിനാൽ നിലവിൽ ഏത് ജില്ല / സ്റ്റേഷനിലാണോ ജോലി ചെയ്യുന്നത് ബന്ധപ്പെട്ട ജില്ലാ കലക്ടറാണ് വിടുതൽ നൽകേണ്ടത്. ചില സാഹചര്യങ്ങളിൽ ജീവനക്കാരുടെ HR അപ്ഡേറ്റ് ചെയ്യാത്തതും ഒരു കാരണമാണ്. ഇക്കാരണത്തിനായി പ്രത്യേകം വ്യക്തത വരുത്തേണ്ടതില്ല. കാരണം ഒരു ജീവനക്കാരന്റെ പെൻ നമ്പർ സഹിതമാണ് സ്ഥലം മാറ്റത്തിനായുള്ള ലിസ്റ്റിൽ ഉൾപ്പെട്ടു വന്നിട്ടുള്ളത്.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ |
|---|---|---|---|
| 1 | സിനിമോൾ വി ഇ(106491) | ആലപ്പുഴ | കോട്ടയം/കോട്ടയം |

പരാമർശം (8) പ്രകാരം പ്രൊമോഷൻ നടത്തി താത്കാലികമായി നിയമിച്ച ജീവനക്കാരെ മുൻഗണനാ ക്രമമനുസരിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള സ്റ്റേഷനുകളിലേയ്ക്ക് മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

ചുവടെ ചേര്ത്തിരിക്കുന്ന ലിസ്റ്റിൽ പ്രൊമോഷൻ ലഭിക്കുന്നതിന് മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന ജില്ലയിൽ തന്നെ നിയമനം ലഭിച്ചവരുടെ സ്റ്റേഷൻ തുടര്ന്നുള്ള സ്ഥലം മാറ്റം ടി വ്യക്തികളേക്കാൾ സീനിയറായിട്ടുള്ളവരുടെ അപേക്ഷകൾക്ക് വിധേയമായി പുനപരിശോധിക്കുന്നതാണ്.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ |
|---|---|---|---|
| 1 | വിനോദ് കെ വി(106504) | തിരുവനന്തപുരം | തിരുവനന്തപുരം/തിരുവനന്തപുരം |
| 2 | അനിൽ കുമാർ കെ(327664) | തിരുവനന്തപുരം | തിരുവനന്തപുരം/തിരുവനന്തപുരം |
| 3 | രമ ഡി(491992) | തിരുവനന്തപുരം | തിരുവനന്തപുരം/തിരുവനന്തപുരം |
| 4 | സുമോഹിനി പി എ(407333) | ആലപ്പുഴ | ആലപ്പുഴ/അമ്പലപ്പുഴ |
| 5 | സുരേഷ് കുമാർ എം കെ(250080) | കോട്ടയം | ആലപ്പുഴ/അമ്പലപ്പുഴ |
| 6 | ജിജിമോൾ ആർ(164924) | ആലപ്പുഴ | ആലപ്പുഴ/അമ്പലപ്പുഴ |
| 7 | ജ്യോതി റ്റി(527283) | തൃശ്ശൂർ | തൃശ്ശൂർ/തൃശ്ശൂർ |
| 8 | എസ്സ് രാജേഷ്(389672) | തൃശ്ശൂർ | തൃശ്ശൂർ/തൃശ്ശൂർ |
| 9 | സഞ്ജീവൻ വി പി(126796) | കോഴിക്കോട് | കോഴിക്കോട്/കോഴിക്കോട് |
| 10 | ചന്ദ്രൻ എ . ഇ(107932) | വയനാട് | വയനാട്/വൈത്തിരി |

ബന്ധപ്പെട്ട ജില്ലാകലക്ടർമാർ രണ്ട് പട്ടികയിലുമുള്ള ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. എല്ലാ ജീവനക്കാർക്കും സ്റ്റേഷൻ സീനിയോരിറ്റി ബാധകമാകയാൽ വൈകി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ സീനിയോരിറ്റിയെ ബാധിക്കുന്നതാണ്. മേൽ പട്ടികയിലുള്ള ജീവനക്കാരെ അവരുടെ പേരിനു നേരെ കാണിക്കുന്ന സ്റ്റേഷനിലെ ഓഫീസുകളിലേയ്ക്ക് മാത്രം നിയമനം നൽകേണ്ടതുമാണ്. പകരം ജീവനക്കാരൻ വരുന്നതിന് കാത്തിരിക്കാതെ അടിയന്തിരമായി ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് ജില്ലാ കലക്ടർമാർ

Scanned with CamScanner

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ എല്ലാ ജീവനക്കാരെയും HRMS മൊഡ്യൂൾ ഉപയോഗിച്ച് മാത്രം വിടുതൽ / ജോലി പ്രവേശനം നടത്തേണ്ടതും, എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും ഡാറ്റാ ശരിയാണെന്നും ബന്ധപ്പെട്ട ഓഫീസ് മേധാവികളും ജില്ലാ കലക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പ്രസിദ്ധീകരിക്കപ്പെട്ട സ്ഥലം മാറ്റ ഉത്തരവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ / അപ്പീലുകൾ എന്നിവ അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്, കേരള സർക്കാർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

ഓൺലൈനായി തയ്യാറാക്കിയിരിക്കുന്ന ഈ ലിസ്റ്റ് ലാൻഡ് റവന്യു വകുപ്പിന്റെ പോർട്ടലായ lrd.kerala.gov.in യിലും, വെബ് സൈറ്റായ clr.kerala.gov.in ലും ലഭ്യമാണ്.

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ

Print Draft

Scanned with CamScanner